ജയിൽ നിരാഹാര സത്യാഗ്രഹം

* ൪൮൯. (൨൮) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിനുശേഷം സെൻട്രൽ ജയിലിൽ ആരെങ്കിലും നിരാഹാരവ്രതം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെല്ലാം ;

(സി) കാരണമെന്തു് ;

(ഡി) അവ എങ്ങനെ അവസാനിച്ചു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഉണ്ടു്.

(ബി) ശ്രീ. എൻ. ശ്രീകണ്ഠൻനായർ.

(സി) 'ബി' ക്ലാസു തടവുകാരനായി പരിഗണിക്കുന്നതിനുവേണ്ടി.

(ഡി) നിരാഹാരവ്രതം പിൻവലിക്കുകയും 'ബി' ക്ലാസു അനുവദിക്കുകയും ചെയ്തു.

പഞ്ചായത്തു ജഡ്ജിമാർ

* ൪൯൦. (൨൯൦) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പഞ്ചായത്തു ജഡ്ജിമാരേയും ബഞ്ചുമജിസ്ട്രേട്ടന്മാരേയും നോമിനേറ ചെയ്യുന്നതു് എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

പഞ്ചായത്തു ജഡ്ജിമാരുടെയും ബഞ്ചു മജിസ്ട്രേട്ടന്മാരുടെയും ഓരോ ഒഴിവുകളിൽ. നിയമിക്കപ്പെടാൻ യോഗ്യതയും സമ്മതവുമുള്ള മൂന്നാളുകളുടെ പേരുകൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഗവൺമെണ്ടിലേക്കു് റിപ്പോർട്ട് ചെയ്യുന്നതിൽനിന്നു് ഒരാളെ ഗവൺമെണ്ടു നിയമിക്കുന്നു.

ഭക്ഷ്യധാന്യ സബ്സിഡി

* ൪൯൧. (൨൯൧) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യ സബ്സിഡി കുറക്കുന്നതാണെന്നു് ഇൻഡ്യാഗവൺമെണ്ടു് തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടിനെ അറയിച്ചിട്ടുണ്ടോ ;

(ബി) അപ്രകാരം സബ്സിഡി കുറക്കുമെന്നു പറയുവാൻ കാരണം എന്താണെന്നു് പറയാമോ ;

(സി) സബ്സിഡിയിൽ എത്രമാത്രം കുറവു ചെയ്യുമെന്നാണു് പറഞ്ഞിട്ടുള്ളതെന്നു് പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു് കിട്ടിക്കൊണ്ടിരുന്ന സബ്സിഡിയിൽ കേന്ദ്രഗവൺമെണ്ടിന്റെ പുതിയ സബ്സിഡി പദ്ധതി അനുസരിച്ചു കുറവു സംഭവിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly